2026
APRIL
20
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കേരളത്തിൽ ഇന്ധനക്ഷാമമില്ല: എസ്എൽസി



**കൊച്ചി:** കേരളത്തിൽ ഗാർഹിക എൽ.പി.ജി, പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ക്ഷാമമില്ലെന്നും തടസമില്ലാതെ വിതരണം നടക്കുന്നുണ്ടെന്നും കേരളത്തിലെ പൊതുമേഖലാ എണ്ണക്കമ്പനികളെ (ഐഒസിഎൽ, ബിപിസിഎൽ, എച്ച്പിസിഎൽ) പ്രതിനിധീകരിക്കുന്ന ഇന്ധന വ്യവസായ സംസ്ഥാനതല കോർഡിനേറ്റർ (എസ്എൽസി) വ്യക്തമാക്കി. വിതരണ സാഹചര്യം സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും എല്ലാ പെട്രോളിയം ഉല്പന്നങ്ങളുടെയും ലഭ്യത ഉറപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കോർഡിനേറ്റർ അറിയിച്ചു. സംസ്ഥാനത്ത് ഗാർഹിക എൽ.പി.ജി സിലിണ്ടറുകളുടെ മതിയായ ശേഖരമുണ്ട്. ബുക്കിങ് ക്രമമനുസരിച്ച് വിതരണവും നടക്കുന്നു. സേവനത്തുടർച്ച ഉറപ്പാക്കാൻ എണ്ണക്കമ്പനികൾ വിതരണ ഏജൻസികളിലെ സ്റ്റോക്ക് കൃത്യമായി പുതുക്കുന്നുണ്ട്. വിതരണത്തിലെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിന് വിതരണ സമയത്തെ 'ഓതന്റിക്കേഷൻ കോഡ്' സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. സിലിണ്ടറുകൾ കൈപ്പറ്റുന്ന സമയത്ത് ഉപഭോക്താക്കൾ ഈ കോഡ് നൽകി സഹകരിക്കണം. റീഫിൽ ബുക്കിങിന് ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കണമെന്നും വിതരണ ഏജൻസികൾ സന്ദർശിക്കുന്നത് ഒഴിവാക്കണമെന്നും കോർഡിനേറ്റർ അഭ്യർത്ഥിച്ചു. ഉപഭോക്താക്കൾക്കിടയിൽ തുല്യമായ വിതരണം ഉറപ്പാക്കുന്നതിന് ബുക്കിങുകൾക്കിടയിൽ നിശ്ചിത സമയപരിധി ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ബുക്കിങുകളും സ്വീകരിക്കുമെന്നും ബുക്കിങ് മുൻഗണനാക്രമമനുസരിച്ച് ഉപഭോക്താക്കൾക്ക് സിലിണ്ടറുകൾ എത്തിക്കുമെന്നും എണ്ണക്കമ്പനികൾ ഉറപ്പുനൽകിയിട്ടുണ്ട്.

കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയത്തിന്റെയും സംസ്ഥാന ഗവണ്മെന്റിന്റെയും മാർഗനിർദേശങ്ങൾ പ്രകാരമാണ് വാണിജ്യ എൽ.പി.ജി വിതരണം നടക്കുന്നത്. നിലവിൽ പ്രതിസന്ധിക്ക് മുൻപത്തെ ആവശ്യകതയുടെ ഏകദേശം 70 ശതമാനം വിതരണം ചെയ്യുന്നുണ്ട്. ആശുപത്രികൾ, ഹോസ്റ്റലുകൾ, ശ്മശാനങ്ങൾ, സ്കൂളുകൾ, വൃദ്ധസദനങ്ങൾ തുടങ്ങിയ അവശ്യ മേഖലകൾക്ക് ആവശ്യമായ എൽ.പി.ജി പൂർണമായി വിതരണം ചെയ്യുന്നു. മറ്റ് മേഖലകളിൽ 62 മുതൽ 68 ശതമാനം വരെയെന്ന പരിധിയിലാണ് വിതരണം. സുപ്രധാന സേവനങ്ങളുടെ പ്രവർത്തനം തടസരഹിതമായി തുടരുന്നുവെന്ന് ഇതിലൂടെ ഉറപ്പാക്കുന്നു. ഗാർഹിക, വ്യാവസായിക, വാണിജ്യ മേഖലകളിൽ ബദൽ ഇന്ധനമായി പൈപ്പ് ലൈൻ പ്രകൃതിവാതകത്തിന്റെയും ഉപയോഗം കേന്ദ്രഗവണ്മെന്റും കേരള ഗവണ്മെന്റും പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടാതെ പ്രാദേശിക മേൽവിലാസമില്ലാത്ത അതിഥി തൊഴിലാളികൾക്കും വിദ്യാർത്ഥികൾക്കും അഞ്ചുകിലോ ഫ്രീ ട്രേഡ് എൽ.പി.ജി സിലിണ്ടറുകൾ ലഭ്യമാക്കിയിട്ടുണ്ട്. അംഗീകൃത തിരിച്ചറിയൽ രേഖ സമർപ്പിച്ച് വിതരണക്കാരിൽ നിന്നോ വിതരണകേന്ദ്രങ്ങളിൽനിന്നോ ഇവ കൈപ്പറ്റാം. വിതരണത്തിലെ സുതാര്യത ഉറപ്പാക്കാനും ക്രമക്കേടുകൾ തടയാനും എണ്ണക്കമ്പനികൾ സംസ്ഥാന ഗവണ്മെന്റുമായും ജില്ലാ ഭരണകൂടങ്ങളുമായും ഏകോപിച്ച് പ്രവർത്തിക്കുന്നു. ന്യായമായ വിതരണവും വിതരണത്തിലെ തുടർച്ചയും ഉറപ്പാക്കാൻ എണ്ണക്കമ്പനി ഉദ്യോഗസ്ഥർ വിതരണ ഏജൻസികളിൽ കൃത്യമായി പരിശോധന നടത്തുന്നുണ്ട്. ഗാർഹിക പാചകവാതക സിലിണ്ടറുകളുടെ പൂഴ്ത്തിവെപ്പും കരിഞ്ചന്തയും തടയാൻ സംസ്ഥാന ഗവണ്മെന്റും ജില്ലാ അധികൃതരും പരിശോധനകളടക്കം നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലുടനീളം എല്ലാ ചില്ലറ വിൽപന കേന്ദ്രങ്ങളിലും സംഭരണ കേന്ദ്രങ്ങളിലും പെട്രോളിന്റെയും ഡീസലിന്റെയും മതിയായ ശേഖരമുണ്ട്. എവിടെയും ഇന്ധനം തീർന്നുപോയ സാഹചര്യങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. തടസരഹിത ലഭ്യത നിലനിർത്താൻ വിതരണം നിരന്തരം നിരീക്ഷിക്കുകയും സ്റ്റോക്ക് പുതുക്കുകയും ചെയ്യുന്നുണ്ട്. പൊതുജനങ്ങൾ ശാന്തരായിരിക്കണമെന്നും അനാവശ്യമായി ഇന്ധനം വാങ്ങുന്നതും അനധികൃതമായി സംഭരിക്കുന്നതും ഒഴിവാക്കണമെന്നും പരിഭ്രാന്തരായി പാചകവാതകം ബുക്ക് ചെയ്യരുതെന്നും ഇന്ധന വ്യവസായ സംസ്ഥാനതല കോർഡിനേറ്റർ അഭ്യർത്ഥിച്ചു. പൊതുതാൽപ്പര്യാർത്ഥം പുറപ്പെടുവിച്ച മാർഗനിർദേശങ്ങളുമായി ജനങ്ങൾ സഹകരിക്കണം. കേരളത്തിലെങ്ങും എല്ലാ ഉപഭോക്താക്കൾക്കും വിശ്വസനീയവും പ്രാപ്യവും തടസരഹിതവുമായ ഊർജലഭ്യത എല്ലായ്പ്പോഴും ഉറപ്പാക്കാൻ എണ്ണക്കമ്പനികൾ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം വ്യക്തമാക്കി.

## കുടുംബശ്രീ വിഷു വിപണനം: 60 ലക്ഷം വിൽപ്പന നേട്ടവുമായി എറണാകുളം ജില്ല

**കൊച്ചി:** വിഷു ആഘോഷങ്ങളെ ലക്ഷ്യമിട്ട് കുടുംബശ്രീയുടെ നേതൃത്വത്തിൽ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ച വിഷു വിപണന മേളകൾ വിജയകരമായി സമാപിച്ചു.

സംസ്ഥാനതലത്തിൽ എറണാകുളം ജില്ല ശ്രദ്ധേയമായ നേട്ടമാണ് കൈവരിച്ചത്. ജില്ലയിലാകെ നടന്ന മേളകളിലൂടെ മൊത്തം 60,21,505 രൂപയുടെ വിറ്റുവരവ് രേഖപ്പെടുത്തി. ജില്ലയിലെ 102 സി.ഡി.എസ്.കളുടെ നേതൃത്വത്തിൽ മേളകൾ ഫലപ്രദമായി സംഘടിപ്പിച്ചതാണ് ഈ നേട്ടത്തിന് വഴിവെച്ചത്.

കണി ഒരുക്കുന്നതിനായുള്ള ഉൽപ്പന്നങ്ങൾ , പച്ചക്കറികൾ, കൂടാതെ കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിച്ച ഗുണമേന്മയുള്ള ഭക്ഷ്യ ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് പൊതുജനങ്ങളിൽ നിന്നുള്ള മികച്ച പ്രതികരണമാണ് ലഭിച്ചത്. ജില്ലയിലെ എല്ലാ സി.ഡി.എസ്.കളുടെയും കൃത്യമായ ഏകോപനവും പ്രവർത്തന ശേഷിയും മേളയുടെ വിജയത്തിന് നിർണായകമായി.

## അക്ഷയതൃതീയ: സ്വർണം വാങ്ങാൻ 'ബൈ ഓൺ ഡിപ്സ്' മികച്ചതെന്ന് മോത്തിലാൽ ഓസ്വാൾ

**കൊച്ചി:** 2026ലെ അക്ഷയതൃതീയ വേളയിൽ സ്വർണവിലയിൽ ചാഞ്ചാട്ടങ്ങൾ തുടർന്നേക്കാമെങ്കിലും, വില കുറയുമ്പോൾ വാങ്ങുന്ന (ബൈ ഓൺ ഡിപ്സ്) നിക്ഷേപ തന്ത്രം ഗുണകരമാകുമെന്ന് മോത്തിലാൽ ഓസ്വാൾ ഫിനാൻഷ്യൽ സർവീസസിന്റെ ഏറ്റവും പുതിയ കമ്മോഡിറ്റീസ് ഇൻസൈറ്റ് റിപ്പോർട്ട്. സ്വർണവിലയിൽ ഈ വർഷം പത്ത് ശതമാനത്തോളം വർധനവുണ്ടായെന്നും, 2026ന്റെ ആദ്യ പാദത്തിൽ വലിയ ഉയർച്ച താഴ്ചകളിലൂടെയാണ് സ്വർണവില കടന്നുപോയതെന്നും റിപ്പോർട്ട് പറയുന്നു. വിപണി അസ്ഥിരമാകുമ്പോൾ സമ്പാദ്യം സുരക്ഷിതമായി സൂക്ഷിക്കാൻ ഇന്ത്യൻ നിക്ഷേപകർ ഇപ്പോഴും സ്വർണം വിശ്വസ്തമായ നിക്ഷേപ മാർഗമായി കരുതുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അക്ഷയതൃതീയ പോലുള്ള വിശേഷ അവസരങ്ങളിൽ സ്വർണം ഭൗതികമായി വാങ്ങുന്ന രീതിക്ക് ഇപ്പോഴും പ്രിയമേറെയാണെങ്കിലും, എളുപ്പത്തിൽ പണമാക്കാമെന്ന മെച്ചം മുൻനിർത്തി മറ്റു സ്വർണ നിക്ഷേപങ്ങളിലേക്ക് മാറാനുള്ള പ്രവണത വരുംദിവസങ്ങളിൽ കൂടുതൽ ശക്തമാകുമെന്ന് മോത്തിലാൽ ഓസ്വാൾ ഫിനാൻഷ്യൽ സർവീസസ് കമ്മോഡിറ്റി അനലിസ്റ്റ് മാനവ് മോദി പറഞ്ഞു.

This is an advertisement for information purpose and is not a prospectus announcement.
ICL FINCORP LIMITED
SECURED, REDEEMABLE NON-CONVERTIBLE DEBENTURES NCD
CREDIT RATING ACUITÉ BBB-/ STABLE
ICL Fincorp
UP TO DOUBLE RETURNS IN 72 MONTHS*
*BASED ON AN EFFECTIVE YIELD OF
12.25%
*T&C Apply
ON CUMULATIVE BASIS UNDER OPTION X, 72 MONTHS,TDS AS APPLICABLE.
APPLY NOW +91 85890 20137, +91 85890 20186
ISSUE OPENS ON: APRIL 10, 2026 (FRIDAY) ISSUE CLOSES ON: APRIL 24, 2026 (FRIDAY)*

## ഇന്നത്തെ പരിപാടി

### കൊച്ചി

- **മഹാകവി ജി ഓഡിറ്റോറിയം :** ഡോ. ചാന്ദ്നി മോഹന്റെ സ്മരണാർഥം സ്ഥാപിച്ച ആർദ്രദർശനം ട്രസ്റ്റ് സംഘടിപ്പിക്കുന്ന ആർദ്രനിലാവ് സ്കോളർഷിപ്പ് വിതരണവും പുസ്തക പ്രകാശനവും – മന്ത്രി കെ എൻ ബാലഗോപാൽ . ആർദ്രദർശനം ട്രസ്റ്റ് സെക്രട്ടറി കെ. എസ് അരുൺകുമാർ അധ്യക്ഷത വഹിക്കും.
- **പനമ്പിള്ളി നഗർ–ചൈൽഡ് കെയർ സെന്റർ :** പഠന വൈകല്യ നിർണയ–നിവാരണ ക്യാമ്പ് 6 മുതൽ 13 വയസ്സുവരെയുള്ള കുട്ടികൾക്കായി രാവിലെ 10 മുതൽ
- **എറണാകുളം ഭാരത് ടൂറിസ്റ്റ് ഹോം :** ഗോവ മുൻ ഗവർണർ അഡ്വ. പി.എസ് ശ്രീധരൻ പിള്ളയുടെ 255ാമത് പുസ്തക പ്രകാശനം – ചിരിയും ചിന്തയും കറുത്ത കോട്ടിൽ . വൈകിട്ട് 4.30ന്.

### തൃക്കാക്കര

- **തെങ്ങോട് വള്ളിയാത്ത് ശ്രീഘണ്ടാകർണ്ണസ്വാമി മഹാക്ഷേത്രം** : പത്താമുദയ കൊടിയേറ്റ് പ്രതിഷ്ഠാ മഹോത്സവം. വൈകിട്ട് 7ന് കൊടിയേറ്റ്.

### മുളന്തുരുത്തി

- **മുളന്തുരുത്തി വൈഎംസിഎ ഇൻഡോർ ബാഡ്മിന്റൺ കോർട്ട്** : വൈ.എം.സി.എയുടെ നേതൃത്വത്തിൽ കുട്ടികൾക്കും മുതിർന്നവർക്കുമായി സംഘടിപ്പിക്കുന്ന ബാഡ്മിന്റൺ കോച്ചിംഗ് ക്യാമ്പ് രാവിലെ 9ന്.

### തൃപ്പൂണിത്തുറ

- **കൊച്ചി–കണയന്നൂർ താലൂക്ക് എൻ.എസ്.എസ് കരയോഗ യൂണിയൻ മന്ദിരം :** മന്നത്താചാര്യ പ്രതിമാ പ്രതിഷ്ഠാ വാർഷികം – രാവിലെ 9. 30 മുതൽ.

### കോതമംഗലം

- **ഇഞ്ചൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം :** ഉത്സവം – രാത്രി 7 മണി മുതൽ ക്ലാസിക്കൽ ഡാൻസ്, കൈകൊട്ടിക്കളി, നൃത്തനൃത്യങ്ങൾ, ബാലെ

### പറവൂർ

- **വെളുത്താട്ട് വടക്കൻ ചൊവ്വ ഭഗവതി ക്ഷേത്രം :** വലിയഗുരുതി മഹോത്സവം – നടതുറപ്പ് രാവിലെ 6ന്.

### കടുങ്ങല്ലൂർ

- **മുപ്പത്തടം കാമ്പിള്ളി ധർമ്മ ശാസ്താ ക്ഷേത്രം :** പ്രതിഷ്ഠാ ദിനാഘോഷം – രാവിലെ 5ന് നടതുറപ്പ്.

### കാക്കനാട്

- **കാക്കനാട് കമ്യൂണിറ്റി ഹാൾ :** കേരള സ്റ്റേറ്റ് സർവീസ് പെൻഷൻ യൂണിയൻ 34–ാം ജില്ലാ സമ്മേളനം രാവിലെ 10ന്.



**പള്ളുരുത്തി ഗവ. താലൂക്ക് ആശുപത്രിയിലെ ഇ.എൻ.ടി സർജനും കൊച്ചിൻ ഐ.എം.എയുടെ മുൻ പ്രസിഡന്റുമായ ഡോ. എം. എം ഹനീഷിനെ ഡ്യൂട്ടിക്കിടയിൽ രോഗിയുടെ ബന്ധു അകാരണമായി മർദ്ദിച്ച സംഭവത്തിൽ പ്രതിഷേധിച്ച് കേരള ഗവൺമെന്റ് മെഡിക്കൽ ഓഫിസേഴ്സ് അസോസിയേഷൻ (കെ.ജി.എം.ഒ.എ)യുടെ നേതൃത്വത്തിൽ പള്ളുരുത്തി ആശുപത്രിയിൽ സംഘടിപ്പിച്ച പ്രതിഷേധ യോഗം കെ.ജി.എം.ഒ.എ ജില്ലാ ട്രഷറർ ഡോ. സിസി തങ്കച്ചൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. മേരി സുനിത, ഡോ. ആദിൽ മുഹമ്മദ് പി. എസ്, ഡോ. അനുപമ, എൽദോ സാബു, ഡോ. അനീഷ് എസ്. കെ തുടങ്ങിയവർ സമീപം**

# ഡ്യൂട്ടിക്കിടയിൽ ഡോക്ടർക്ക് മർദ്ദനം; പ്രതിഷേധവുമായി കെ.ജി.എം.ഒ.എ

കൊച്ചി: പള്ളുരുത്തി ഗവ. താലൂക്ക് ആശുപത്രിയിലെ ഇ.എൻ.ടി സർജനും കൊച്ചിൻ ഐ.എം.എയുടെ മുൻ പ്രസിഡന്റും കെ.ജി.എം.ഒ.എയുടെ പ്രമുഖ നേതാവുമായ ഡോ. എം. എം ഹനീഷിനെ ഡ്യൂട്ടിക്കിടയിൽ രോഗിയുടെ ബന്ധു അകാരണമായി മർദ്ദിച്ച സംഭവത്തിനെതിരെ പ്രതിഷേധവുമായി കേരള ഗവൺമെന്റ് മെഡിക്കൽ ഓഫിസേഴ്സ് അസോസിയേഷൻ (കെ.ജി.എം.ഒ.എ). ചെവിയിൽ ഇട്ട സ്റ്റഡ് പഴുത്തതിനെ തുടർന്നാണ് വെള്ളിയാഴ്ച പെൺകുട്ടി ചികിൽസ തേടി അമ്മയ്ക്കൊപ്പം ആശുപത്രിയിലെ ഒപി വിഭാഗത്തിൽ എത്തിയത്. തുടർന്ന് ഡോ.എം. എം ഹനീഷ് ചെവിയിൽ നിന്നും പഴുത്ത് മൂടി നിന്ന സ്റ്റഡ് നീക്കം ചെയ്യാൻ ശ്രമിക്കുന്നതിനിടയിൽ വേദനയെടുത്തുവെന്നാരോപിച്ച് പെൺകുട്ടിയും അമ്മയും ദേഷ്യപ്പെട്ട് ഇറങ്ങിപ്പോകുകയായിരുന്നു. തുടർന്ന് ഡോക്ടർ മറ്റു രോഗികളെ പരിശോധിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ പെൺകുട്ടിയുടെ സഹോദരൻ ഉള്ളിലേക്ക് ഇടിച്ചുകയറി വന്ന് അസഭ്യവർഷം നടത്തിക്കൊണ്ട് ഡോ. ഹനീഷിനെ കഴുത്തിന് കുത്തിപ്പിടിച്ച് ആക്രമിക്കുകയായിരുന്നു. ഒപിയിലുണ്ടായിരുന്ന മറ്റു രോഗികളും ജീവനക്കാരും ചേർന്നാണ് ഡോക്ടറെ രക്ഷപെടുത്തിയത്. തുടർന്ന് ഡോക്ടർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഇയാളെ പോലീസ് അറസ്റ്റു ചെയ്തു. ഡോ. എം. എം ഹനീഷിനെതിരെയുണ്ടായ ആക്രമണം ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ലെന്നും ഡോക്ടർമാർക്കും ആരോഗ്യ പ്രവർത്തകർക്കും മതിയായ സംരക്ഷണം ഒരുക്കി നൽകണമെന്നും ആവശ്യപ്പെട്ട് കെ.ജി.എം.ഒ.എയുടെ നേതൃത്വത്തിൽ ആശുപത്രിയിൽ പ്രതിഷേധം സംഘടിപ്പിച്ചു. കെ.ജി.എം.ഒ.എ ജില്ലാ ട്രഷറർ ഡോ. സിസി തങ്കച്ചൻ യോഗം ഉദ്ഘാടനം ചെയ്തു. ഡോ. മേരി സുനിത, ഡോ. ആദിൽ മുഹമ്മദ് പി. എസ്, ഡോ. അനുപമ, കെ.ജി.എൻ.എ പ്രതിനിധി എൽദോ സാബു തുടങ്ങിയവർ സംസാരിച്ചു. രാവും പകലും വ്യത്യാസമില്ലാതെ ജോലി ചെയ്യുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവരെ ഇത്തരത്തിൽ ആക്രമിക്കുന്നത് അംഗീകരിക്കില്ലെന്ന് കെ.ജി.എം.ഒ.എ ജില്ലാ പ്രസിഡന്റ് ഡോ. ടി. സുധാകർ, സെക്രട്ടറി ഡോ. കാർത്തിക്ക് ബാലചന്ദ്രൻ എന്നിവർ പറഞ്ഞു. ചികിൽസയിൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ മേലധികാരികളെയോ പോലീസിനെയോ സമീപിക്കുകയാണ് വേണ്ടത് അല്ലാതെ ഇത്തരത്തിൽ നിയമം കയ്യിലെടുത്ത് ആക്രമണം നടത്തുകയല്ല ചെയ്യേണ്ടതെന്നും ഇവർ വ്യക്തമാക്കി.

# വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ വിദ്യാർഥികൾക്ക് ജിജ്ഞാസ സൃഷ്ടിക്കണം: ഡോ. ജെ ലത

**കൊച്ചി:** വിദ്യാർഥികൾക്കിടയിൽ അഭിനിവേശവും ജിജ്ഞാസയും സൃഷ്ടിക്കാൻ സാധിക്കുന്നതായിരിക്കണം വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങളെന്ന് കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി പ്രൊ വൈസ് ചാൻസലർ ഡോ. ജെ ലത പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രൊഫ. ഡോ. എം വി പൈലി സ്മാരക പ്രഭാഷണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വിദ്യാഭ്യാസ രംഗത്തെ ആധുനിക പ്രവണതകൾ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അവർ.




ആധുനിക പ്രവണതകൾ വിദ്യാഭ്യാസ രംഗത്തേക്ക് കൊണ്ടുവരുമ്പോഴാണ് അതിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാനാവുക.

വളരെ സാവകാശത്തിലായിരുന്നു വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങളുണ്ടായിരുന്നതെങ്കിലും കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഇന്ത്യയിൽ വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾ സംഭവിച്ചതായും ഡോ. ജെ. ലത പറഞ്ഞു. പരീക്ഷയ്ക്ക് വേണ്ടി പഠിക്കുക എന്നതിനപ്പുറം എന്തിനാണ് പഠിക്കുന്നതെന്ന ചോദ്യത്തിന് വ്യക്തമായ ഒരു ഉത്തരം പോലും ലഭിച്ചിട്ടില്ലാത്ത കാലഘട്ടത്തിൽ നിന്നും വലിയ മാറ്റങ്ങൾ സംഭവിച്ചതായി അവർ വിശദമാക്കി. വിദ്യാർഥികളുമായി ഇടപഴകുകയും അവരുമായി ബന്ധം സ്ഥാപിക്കുകയും ചെയ്താൽ അവർക്കെന്താണ് വേണ്ടതെന്ന് തിരിച്ചറിയാൻ കഴിയും. അതാണ് നല്ല അധ്യാപനത്തിന്റെ അടിസ്ഥാനമെന്നും ഡോ. ജെ. ലത പറഞ്ഞു. സിലബസിനപ്പുറം വിദ്യാർഥികളെ പഠിപ്പിക്കേണ്ടതുണ്ടെന്ന് തിരിച്ചറിയുകയും പുതിയ ആശയങ്ങളും അനുഭവങ്ങളും പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്താൽ മികച്ച അധ്യാപനം സാധ്യമാകുമെന്നും അവർ പറഞ്ഞു. നിർമിത ബുദ്ധി വളരെ വേഗത്തിൽ വളരുന്നതിനാൽ പഠന രീതിയും പരിശീലനവും മാറ്റുകയും ജോലി വിപണിക്കനുസരിച്ച് പുതുക്കുകയും വേണമെന്നും ഡോ. ജെ ലത പറഞ്ഞു.


വിദ്യാഭ്യാസ രംഗത്ത് വളരെ കർക്കശക്കാരനും എന്നാൽ മറ്റു കാര്യങ്ങളിൽ മികവുറ്റ പെരുമാറ്റ രീതികളുമായിരുന്നു പ്രൊഫ. ഡോ. എം വി പൈലിയുടേതെന്ന് പ്രൊഫ. ഉമ്മൻ മാത്യു അനുസ്മരിച്ചു. കെ.എം.എ വൈസ് പ്രസിഡന്റ് ദിലീപ് നാരായണൻ അധ്യക്ഷത വഹിച്ചു. അനുസ്മരണ പ്രഭാഷണം ചെയർമാൻ ബി ബാലഗോപാൽ, ഹോണററി സെക്രട്ടറി കെ അനിൽ വർമ തുടങ്ങിയവർ സംസാരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഫാറ്റി ലിവർ: ആധുനിക ജീവിതശൈലിയിലെ നിശബ്ദ കൊലയാളി



**ഡോ. സുധീർ മുഹമ്മദ് എം**
സീനിയർ കൺസൾട്ടന്റ്, എച്ച്പിബി ആൻഡ് ലിവർ ട്രാൻസ്പ്ലാന്റ് സർജറി,
ആസ്റ്റർ മെഡ്സിറ്റി കൊച്ചി



കരളിനെ ബാധിക്കുന്ന ലക്ഷണങ്ങളില്ലാത്തതും എന്നാൽ മാരകവുമായ ഒരു അവസ്ഥയായി ഫാറ്റി ലിവർ ഇന്ന് മാറിക്കഴിഞ്ഞു. കരളിൽ അഞ്ച് ശതമാനത്തിലധികം കൊഴുപ്പ് അടിയുന്ന അവസ്ഥയെയാണ് ഫാറ്റി ലിവർ എന്ന് വിളിക്കുന്നത്. ഇന്ത്യാക്കാരിൽ മൂന്നിൽ ഒരാൾക്ക് ഇന്ന് ഫാറ്റി ലിവർ ഉണ്ടെന്നാണ് പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നത്. കരളിൽ അടിഞ്ഞുകൂടുന്ന കൊഴുപ്പ് ജീവനു തന്നെ ഭീഷണിയാണ്. മാറിയ ജീവിതചര്യകളും ഭക്ഷണരീതികളും ഉപാപചയ തകരാറുകളും ഫാറ്റി ലിവർ രോഗം വർധിക്കാൻ ഇടയാക്കുന്നു.

### മാറുന്ന രോഗാവസ്ഥയും ആധുനിക ജീവിതശൈലിയും

ഏകദേശം രണ്ട് പതിറ്റാണ്ട് മുൻപ് വരെ ഫാറ്റി ലിവർ പ്രധാനമായും മദ്യപാനികളിലാണ് കണ്ടുവന്നിരുന്നത് (ആൽക്കഹോളിക് ഫാറ്റി ലിവർ). എന്നാൽ ഇന്ന് മദ്യപിക്കാത്തവരിലും ഈ രോഗം വ്യാപകമാണ്. ഇതിനെ മെറ്റബോളിക് ഡിസ്ഫങ്ഷൻ അസോസിയേറ്റഡ് സ്റ്റീറ്റോറ്റിക് ലിവർ ഡിസീസ് എന്ന് വിളിക്കുന്നു.

### മാറ്റത്തിന് പിന്നിലെ പ്രധാന കാരണങ്ങൾ ഇവയാണ്

**ഭക്ഷണരീതിയിലെ മാറ്റങ്ങൾ**
വീട്ടിലുണ്ടാക്കുന്ന ഭക്ഷണത്തിന് പകരം ഹോട്ടൽ ഭക്ഷണവും ജങ്ക് ഫുഡും ദിനചര്യയുടെ ഭാഗമായി മാറിയത് കലോറി അമിതമാകാൻ കാരണമാകുന്നു. കൊഴുപ്പും മധുരവും ഉപ്പും കൂടിയ ഭക്ഷണങ്ങൾ കരളിൽ കൊഴുപ്പടിഞ്ഞു കൂടാൻ ഇടയാക്കുന്നു.

**വ്യായാമമില്ലായ്മ**

യാത്രാസൗകര്യങ്ങൾ വർദ്ധിച്ചതും ജോലിയുടെ ഭാഗമായി ദീർഘനേരം ഇരിക്കുന്നതും ശാരീരിക അധ്വാനം കുറയാൻ കാരണമായി. ഭക്ഷണത്തിലൂടെ ലഭിക്കുന്ന അധിക ഊർജ്ജം എരിച്ചു കളയാത്തതിനാൽ അത് കൊഴുപ്പായി കരൾ ഉൾപ്പെടെയുള്ള അവയവങ്ങളിൽ നിക്ഷേപിക്കപ്പെടുന്നു.

**ഡിജിറ്റൽ യുഗവും കുട്ടികളും**

കളിക്കളങ്ങളിൽ നിന്നും കുട്ടികളെ മൊബൈൽ ഫോണുകളും ടിവിയും അകറ്റിയിരിക്കുന്നു. ഇത് ചെറിയ പ്രായത്തിൽ തന്നെ അമിതവണ്ണത്തിലേക്കും ഫാറ്റി ലിവറിലേക്കും നയിക്കുന്നു. മാനസിക സമ്മർദ്ദം: പിരിമുറുക്കവും ഹോർമോൺ വ്യതിയാനങ്ങളും ആന്തരികാവയവങ്ങളിൽ കൊഴുപ്പടിയാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

**സ്ത്രീകളിലെ പ്രത്യേക സാഹചര്യം**

വ്യായാമമില്ലായ്മയും അനാരോഗ്യകരമായ ഭക്ഷണശീലവും സ്ത്രീകളിലും ഫാറ്റി ലിവർ വർദ്ധിപ്പിക്കുന്നു. അടുക്കള ജോലികൾ വ്യായാമമായി കണക്കാക്കാൻ കഴിയില്ല. ഹൃദയമിടിപ്പ് വർദ്ധിപ്പിക്കുന്ന രീതിയിലുള്ള അധ്വാനമാണ് കരളിന്റെ ആരോഗ്യത്തിന് ആവശ്യം. കൂടാതെ, ഹോർമോൺ തകരാറുകൾ, പിസിഒഡി എന്നിവയുള്ളവരിലും ഫാറ്റി ലിവർ സാധ്യത കൂടുതലാണ്.

**പരിശോധനകളും സങ്കീർണ്ണതകളും**

ഫാറ്റി ലിവർ തുടക്കത്തിൽ ലക്ഷണങ്ങൾ കാണിക്കാറില്ല. എന്നാൽ ഇത് ക്രമേണ കരളിൽ വീക്കമുണ്ടാക്കുകയും പിന്നീട് സിറോസിസ് എന്ന മാരകാവസ്ഥയിലേക്ക് നയിക്കുകയും ചെയ്യാം. ഹൃദയാഘാതം, വിവിധ തരം അർബുദങ്ങൾ എന്നിവയ്ക്കും ഫാറ്റി ലിവർ കാരണമാകാം. എൽഎഫ്ടി എന്ന രക്തപരിശോധനയിലൂടെ കരളിന്റെ പ്രവർത്തനം മനസ്സിലാക്കാം. അൾട്രാ സൗണ്ട് സ്കാൻ, ഫൈബ്രോ സ്കാൻ എന്നിവ രോഗത്തിന്റെ തീവ്രത അറിയാൻ സഹായിക്കും.

**പരിഹാരമാർഗ്ഗങ്ങൾ: ജീവിതശൈലിയിലെ മാറ്റം**

ഫാറ്റി ലിവർ പൂർണ്ണമായും മാറ്റിയെടുക്കാൻ കഴിയുന്ന ഒരു അവസ്ഥയാണ്.

1. **വ്യായാമം:** ദിവസവും 30 മുതൽ 40 മിനിറ്റ് വേഗത്തിൽ നടക്കുന്നത് കരളിന്റെ ആരോഗ്യം മെച്ചപ്പെടുത്തും.
2. **ഭക്ഷണ നിയന്ത്രണം:** നാരുകൾ അടങ്ങിയ പച്ചക്കറികൾ, പഴങ്ങൾ, നട്സ് എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക. എണ്ണയിൽ വറുത്തതും സംസ്കരിച്ചതുമായ ഭക്ഷണങ്ങൾ ഒഴിവാക്കുക. ചുവന്ന മാംസത്തിന് പകരം ലീൻ മീറ്റ് (ചിക്കൻ, മത്സ്യം) ഉപയോഗിക്കാം.
3. **ഭാരം കുറയ്ക്കുക:** ആഴ്ചയിൽ ഒരു കിലോ എന്ന തോതിൽ ക്രമമായി ശരീരഭാരം കുറയ്ക്കുന്നത് ഉചിതമാണ്. പെട്ടെന്ന് ഭാരം കുറയ്ക്കാൻ ശ്രമിക്കുന്നത് കരളിന് ദോഷം ചെയ്യും.

4. **ലഹരി വർജ്ജനം:** മദ്യപാനം പൂർണ്ണമായും ഉപേക്ഷിക്കുക.

**കരളിനെ സംരക്ഷിക്കുക ഏകദിന ദൗത്യമല്ല**

നമ്മുടെ ആരോഗ്യത്തിന്റെ യഥാർത്ഥ കാവൽക്കാരനായ കരളിനെ സംരക്ഷിക്കുക എന്നത് ഒരു ഏകദിന ദൗത്യമല്ല. ഈ വർഷത്തെ ലോക കരൾ ദിന സന്ദേശമായ സ്ഥിരമായ ശീലങ്ങൾ, കരുത്തുറ്റ കരൾ' അർത്ഥമാക്കുന്നത് നാം നിത്യജീവിതത്തിൽ കൊണ്ടുവരുന്ന ചെറിയ മാറ്റങ്ങൾ പോലും ദീർഘകാലാടിസ്ഥാനത്തിൽ കരളിന് വലിയ കരുത്ത് നൽകുമെന്നാണ്. ഫാറ്റി ലിവർ എന്ന നിശബ്ദ കൊലയാളിയെ പടിവാതിലിന് പുറത്തുനിർത്താൻ വ്യായാമം ശീലമാക്കുക, ഭക്ഷണക്രമത്തിലെ ചിട്ടകൾ, ആരോഗ്യകരമായ ജീവിതശൈലി, കൃത്യമായ പരിശോധനകൾ പോലുള്ള ശീലങ്ങൾ നമുക്ക് ജീവിതചര്യയുടെ ഭാഗമാക്കാം. അമിതവണ്ണമുള്ളവരും പ്രമേഹരോഗികളും കൃത്യമായ ഇടവേളകളിൽ ആരോഗ്യപരിശോധനകൾ നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. നാം ഇന്ന് മാറ്റിവെക്കുന്ന 30 മിനിറ്റും, ഭക്ഷണത്തിൽ വരുത്തുന്ന ചെറിയ നിയന്ത്രണങ്ങളും നാളത്തെ വലിയൊരു ആരോഗ്യ പ്രശ്നത്തിൽ നിന്നുള്ള ഇൻഷുറൻസാണ്. 'സ്ഥിരമായ ശീലങ്ങളിലൂടെ' നമുക്ക് നമ്മുടെ കരളിനെ കരുത്തുറ്റതാക്കാം; ആരോഗ്യപൂർണ്ണമായ ഒരു ഭാവി കെട്ടിപ്പടുക്കാം.

**നമ്മുടെ ആരോഗ്യത്തിന്റെ യഥാർത്ഥ കാവൽക്കാരനായ കരളിനെ സംരക്ഷിക്കുക എന്നത് ഒരു ഏകദിന ദൗത്യമല്ല. ഈ വർഷത്തെ ലോക കരൾ ദിന സന്ദേശമായ സ്ഥിരമായ ശീലങ്ങൾ, കരുത്തുറ്റ കരൾ' അർത്ഥമാക്കുന്നത് നാം നിത്യജീവിതത്തിൽ കൊണ്ടുവരുന്ന ചെറിയ മാറ്റങ്ങൾ പോലും ദീർഘകാലാടിസ്ഥാനത്തിൽ കരളിന് വലിയ കരുത്ത് നൽകുമെന്നാണ്. ഫാറ്റി ലിവർ എന്ന നിശബ്ദ കൊലയാളിയെ പടിവാതിലിന് പുറത്തുനിർത്താൻ വ്യായാമം ശീലമാക്കുക, ഭക്ഷണക്രമത്തിലെ ചിട്ടകൾ, ആരോഗ്യകരമായ ജീവിതശൈലി, കൃത്യമായ പരിശോധനകൾ പോലുള്ള ശീലങ്ങൾ നമുക്ക് ജീവിതചര്യയുടെ ഭാഗമാക്കാം.**




**കേരളത്തിൽ നടക്കുന്ന ലൗജിഹാദിനെതിരെ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് വിശ്വഹിന്ദു പരിഷത്ത് അന്താരാഷ്ട്ര ഓർഗനൈസിംഗ് സെക്രട്ടറി മിലിന്ദ് പരാണ്ഡെ എറണാകുളം പാവക്കുളത്തെ വിഎച്ച്പി ആസ്ഥാന കാര്യാലയത്തിൽ വാർത്താ സമ്മേളനം നടത്തിയപ്പോൾ. വിഎച്ച്പി സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ സമീപം**

# കേരളം ലവ് ജിഹാദിന്റെ പറുദീസ ; നടപടിയാവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് പരാതി നൽകും: മിലിന്ദ് പരാണ്ഡെ

**കൊച്ചി:** കേരളം ലൗവ് ജിഹാദിന്റെ പറുദീസയായി മാറിയിരിക്കുകയാണെന്നും ഇതിനെതിരെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അടിയന്തര നടപടി സ്വീകരിക്കണമെന്നും വിശ്വഹിന്ദു പരിഷത്ത് അന്താരാഷ്ട്ര ഓർഗനൈസിംഗ് സെക്രട്ടറി മിലിന്ദ് പരാണ്ഡെ പറഞ്ഞു. വിശ്വഹിന്ദു പരിഷത്തിന്റെ പാവക്കുളം ആസ്ഥാന കാര്യാലയത്തിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിഷയം ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാരിന് പരാതി നൽകുമെന്നും മിലിന്ദ് പരാണ്ടെ പറഞ്ഞു. മധ്യപ്രദേശിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രായപൂർത്തിയാകാത്ത ഹിന്ദു പെൺകുട്ടിയെ ഉത്തർപ്രദേശ് സ്വദേശിയായ മുസ് ലിം വിഭാഗത്തിൽ പെട്ട യുവാവ് കേരളത്തിലേക്ക് കടത്തിക്കൊണ്ടു വരികയും തുടർന്ന് കേരളത്തിൽ ലഭിച്ച രാഷ്ട്രീയ സംരക്ഷണത്തിന്റെ മറവിൽ ക്ഷേത്രത്തിൽ വെച്ച് നിയമവിരുദ്ധമായി വിവാഹം ചെയ്തുകൊടുക്കുകയും ചെയ്തതിന് പിന്നിൽ ആസൂത്രിതമായ ഗുഢാലോചനയുണ്ട്. പെൺകുട്ടിയുടെ മാതാപിതാക്കൾ തങ്ങളുടെ മകൾക്ക് പ്രായപൂർത്തിയായിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടും ഈ കുട്ടിയെ രക്ഷിക്കുന്നതിന് പകരം സംസ്ഥാനം ഭരിക്കുന്ന പാർട്ടിയും പോലിസും ഗുരുതരമായ കുറ്റകൃത്യത്തിന് കൂട്ടുനിൽക്കുകയാണ് ചെയ്തെന്നും അദ്ദേഹം വ്യക്തമാക്കി. പെൺകുട്ടിയുടെ ജനനം നടന്ന ആശുപത്രിയിൽ ജനന സമയത്ത് തയ്യാറാക്കിയ രേഖയിൽ ജനന തിയതി, സമയം, വർഷം, മാതാപിതാക്കളുടെ പേര് ഉൾപ്പെടെ മുഴുവൻ വിവരങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രകാരം പെൺകുട്ടി പ്രായപൂർത്തിയായിട്ടില്ല. എന്നാൽ ഇതിനെ മറികടന്ന് വ്യാജ സത്യവാങ്മൂലം ഹാജരാക്കിയാണ് മധ്യപ്രദേശ് സർക്കാരിൽ നിന്നും ജനന സർട്ടിഫിക്കറ്റ് വാങ്ങിയെടുത്ത് പെൺകുട്ടിയുടെ വിവാഹം നടത്തിയിരിക്കുന്നത്. വ്യക്തമായ തെളിവിന്റെ അടിസ്ഥാനത്തിലാണ് ദേശീയ പട്ടിക വർഗ്ഗ കമ്മീഷൻ മധ്യപ്രദേശ് സർക്കാരിനോട് ഇവിടെ ഹാജരാക്കിയ ജനന സർട്ടിഫിക്കറ്റ് തെറ്റാണെന്നും അത് റദ്ദാക്കണമെന്നും ആവശ്യപ്പെടുകയും തുടർന്ന് സർക്കാർ അത് റദ്ദാക്കുകയും ചെയ്തത്. വിഎച്ച്പി ഒരിക്കലും ആ പെൺകുട്ടിക്ക് എതിരല്ല പക്ഷേ ആ പെൺകുട്ടിയെ ചതിയിൽപ്പെടുത്തുകയാണ് ഇവർ ചെയ്തിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ഉത്തർപ്രദേശ് സ്വദേശിയായ യുവാവ് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ മറ്റു സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകാതെ കേരളത്തിൽ എത്തിച്ച് വിവാഹം ചെയ്യാൻ തയ്യാറായതിന് പിന്നിൽ ആസൂത്രിതമായ ഗൂഢാലോചനയുണ്ടെന്നും ഇതിനെതിരെ പോക്സോ ഉൾപ്പെടെയുള്ള ശക്തമായ നടപടി വേണമെന്നും മിലിന്ദ് പരാണ്ടെ പറഞ്ഞു. വിഷു ദിനത്തിൽ ശ്രീകൃഷ്ണന്റെ ചിത്രം ദുരുപയോഗം ചെയ്ത ചേർത്തലയിലെ മന്തിക്കടയുടെ നടപടി ഹൈന്ദവ വിശ്വാസികളെയാകെ മുറിവേൽപ്പിക്കുകയാണ് ചെയ്തത്. ഇതും മറ്റൊരു ഗൂഢാലോചനയുടെ ഭാഗമാണ് ഇതിന് നേതൃത്വം നൽകിയവർക്കെതിരെ നിസാര വകുപ്പ് മാത്രം ചുമത്തി കേസ് എടുക്കുകയും ഇതിനെതിരെ പ്രതിഷേധിച്ചവർക്കെതിരെ ശക്തമായ നിയമ നടപടി സ്വീകരിക്കുകയുമാണ് സംസ്ഥാന സർക്കാർ ചെയ്തിരിക്കുന്നത്. കുറ്റം ചെയ്തവർക്ക് തലോടലും പ്രതിഷേധിച്ചവർക്ക് തല്ലും എന്നതാണ് ഇവർ സ്വീകരിച്ചിരിക്കുന്ന നടപടി. ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ലെന്നും പ്രതിഷേധിച്ചവർക്കെതിരെ ചുമത്തിയ മുഴുവൻ കേസുകളും സർക്കാർ പിൻവലിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ജസ്റ്റിസ് ബെഞ്ചമിൻ കോശി കമ്മീഷന്റെ റിപ്പോർട്ട് സംസ്ഥാന സർക്കാർ ധൃതിപിടിപ്പിച്ച് നടപ്പിലാക്കിയത് മതപരിവർത്തന നടപടിയെ പ്രോൽസാഹിപ്പിക്കുന്ന നടപടിയാണെന്നും ഇത് അപലപനീയമാണെന്നും വാർത്താ സമ്മേളനത്തിൽ പങ്കെടുത്ത വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ പറഞ്ഞു.

# വിദേശ സഞ്ചാരിയുടെ മറന്നുവെച്ച ഐഫോൺ തിരികെ നൽകി ടാക്സി ഡ്രൈവർ വിനോദ്

**കൊച്ചി:** കേരളത്തിന്റെ ആതിഥേയത്വ മര്യാദയും സത്യസന്ധതയും ഒരിക്കൽ കൂടി ലോകത്തിന് മുന്നിൽ തെളിയിച്ചുകൊണ്ട് കൊച്ചിയിലെത്തിയ വിദേശ വിനോദസഞ്ചാരി ടാക്സിയിൽ മറന്നുവെച്ച വിലപിടിപ്പുള്ള ഐഫോൺ സുരക്ഷിതമായി തിരികെ നൽകി മാതൃകയായിരിക്കുകയാണ് പള്ളുരുത്തി സ്വദേശിയായ ടാക്സി ഡ്രൈവർ വിനോദ്. ലക്ഷ്വറി ക്രൂയിസ് കപ്പലായ അമാമൃമയിൽ കൊച്ചിയിലെത്തിയ വിദേശ വിനോദസഞ്ചാരിയുടെ ഫോൺ ആണ് നഷ്ടപ്പെട്ടത് . നഗരം കാണുന്നതിനായി എറണാകുളം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിലുള്ള പ്രീപെയ്ഡ് ടാക്സി സർവീസിനെയാണ് ഇവർ ആശ്രയിച്ചത്. യാത്രയ്ക്ക് ശേഷം പുറത്തിറങ്ങിയപ്പോൾ അബദ്ധവശാൽ ഫോൺ ടാക്സിയിൽ തന്നെ മറന്നു വെക്കുകയായിരുന്നു. യാത്രക്കാരെ ഇറക്കി കഴിഞ്ഞ് വാഹനം പരിശോധിച്ച വിനോദ് സീറ്റിൽ ഇരുന്ന ഐഫോൺ കണ്ടെത്തുകയായിരുന്നു. ഒട്ടും വൈകാതെ തന്നെ ഈ വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുകയും ഫോൺ ഉടമയെ കണ്ടെത്തി സുരക്ഷിതമായി ഏൽപ്പിക്കുകയും ചെയ്തു.

# ഐ.എച്ച്.ആർ.ഡി ജെറിയാട്രിക് കെയർ ഡിപ്ലോമ കോഴ്സിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** ഐ.എച്ച്.ആർ.ഡി മെയ് 18ന് ആരംഭിക്കുന്ന ജെറിയാട്രിക് കെയർ ഡിപ്ലോമ കോഴ്സിലേക്ക് പ്ലസ് ടു/ തത്തുല്യ പരീക്ഷ പാസായിട്ടുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ നേരിട്ടും, www.ihrdadmissions.org മുഖേനയും സമർപ്പിക്കാം. രജിസ്ട്രേഷൻ ഫീസ് 150 + 18% ജി.എസ്.ടി (പൊതുവിഭാഗത്തിനും), 100 + 18% ജി.എസ്.ടി (സംവരണ വിഭാഗങ്ങൾക്കും) അടയ്ക്കണം. കോഴ്സിന്റെ പ്രോസ്പെക്ടസ് വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ ഓൺലൈനായി മെയ് 4 വൈകുന്നേരം നാലു വരെയും, കോഴ്സ് സെന്ററുകളിൽ നേരിട്ട് മെയ് 5 വൈകുന്നേരം 4 വരെയും സമർപ്പിക്കാം. കാൾ സെന്റർ: 8547005000.

തിരുവനന്തപുരം മോഡൽ ഫിനിഷിംഗ് സ്കൂൾ (ഫോൺ 0471 -2307733), കൊല്ലം, കുണ്ടറ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ 0474- 2580866), ആലപ്പുഴ, മാവേലിക്കര കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ 0479-2304494, 8547005046), കാർത്തികപ്പള്ളി കോളജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ 0479-2485370, 8547005018, പത്തനംതിട്ട അടൂർ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ 0473-4224076, 8547005045), കോന്നി കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ 0468- 2382280, 8547005074) കോട്ടയം പുതുപ്പള്ളി കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ 0481-2351631, 2351228, 8547005040), ഇടുക്കി പീരുമേട് കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ 04869-232373, 8547005041, എറണാകുളം മോഡൽ ഫിനിഷിംഗ് സ്കൂൾ (ഫോൺ 0484- 2985252), തൃശ്ശൂർ ചേർപ്പ് സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസ് 0487-2340234, 8547005089), മലപ്പുറം സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസ് (ഫോൺ 0483-2736211), പാലക്കാട് അയലൂർ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ 0492-3241766, 8547005029), കോഴിക്കോട്, കോഴിക്കോട് കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ 0495-2765154, 8547005044), കണ്ണൂർ പിണറായി കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ 0490 -2384480, 8547005073), വയനാട് മാനന്തവാടി കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ 04935-245484, 8547005060, കാസർകോട് മഞ്ചേശ്വരം കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഫോൺ 0499-8215615, 8547005058) എന്നിവിടങ്ങളിൽ കോഴ്സ് പഠിക്കാൻ അവസരമുണ്ട്.

# ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനം: അഭിരുചി പരീക്ഷ 21ന്

**തിരുവനന്തപുരം:** നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ പ്രവേശനത്തിനുള്ള അഭിരുചി പരീക്ഷ ഈ വരുന്ന ഏപ്രിൽ 21ന്, രാവിലെ 10 മുതൽ 11:45 വരെ സ്കൂളിൽ നടക്കും. അപേക്ഷിച്ച കുട്ടികൾ രക്ഷിതാവിനൊപ്പം തിരിച്ചറിയൽ രേഖയുമായി രാവിലെ കൃത്യം ഒമ്പതിന് സ്കൂളിൽ എത്തിച്ചേരണം. ഫല പ്രഖ്യാപനം 21ന് വൈകുന്നേരം 4 മണിക്ക്. പരാതികൾ ഉണ്ടെങ്കിൽ 22ന് 4 മണിക്ക് മുമ്പായി സ്കൂളിൽ സമർപ്പിക്കേണ്ടതാണ്. പ്രവേശനത്തിനുള്ള അന്തിമ പട്ടിക 24ന് 11 മണിക്ക് സ്കൂളിൽ പ്രസിദ്ധീകരിക്കും. പ്രവേശനം ഏപ്രിൽ 27 മുതൽ 30 വരെ നിശ്ചയിച്ച റാങ്ക് പട്ടിക പ്രകാരം സ്കൂളിൽ നടത്തും. മേയ് 29ന് പ്രവേശന നടപടികൾ പൂർത്തീകരിക്കും. വിശദവിവരങ്ങൾക്ക്: 9846170024, 8606251157, 6235762545, 9645814820 7907788350, 9446686362, 7907938093, 9645888216.

# കെൽട്രോണിൽ അവധിക്കാല കംപ്യൂട്ടർ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കെൽട്രോണിന്റെ കുറ്റിപ്പുറം നോളജ് സെന്ററിൽ ഏപ്രിൽ 20ന് ആരംഭിക്കുന്ന അവധിക്കാല കംപ്യൂട്ടർ കോഴ്സുകളായ ബിഗിനേഴ്സ് കോഴ്സ് ഇൻ മൾട്ടിമീഡിയ ആൻഡ് അനിമേഷൻ, ജൂനിയർ വെബ് ഡിസൈനർ, കാർട്ടൂൺ സ്പെഷ്യലിസ്റ്റ്, എഡിറ്റിങ്, കംപ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ്വർക്ക് മെയ്ന്റനൻസ്, പൈത്തൺ തുടങ്ങി വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. മൂന്നാം തരം മുതൽവിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ ഹെഡ് ഓഫ് സെന്റർ, കെൽട്രോൺ നോളജ് സെന്റർ, കെൽട്രോൺ ടൂൾ റൂം കം ട്രെയിനിങ് സെന്റർ, തൃക്കണ്ണാപുരം, കുറ്റിപ്പുറം എന്ന വിലാസത്തിൽ ലഭിക്കും. ഫോൺ 8590605276, 0494-2697288.

# ദർഘാസ് ക്ഷണിച്ചു

**തിരുവനന്തപുരം:** കാട്ടാക്കട താലൂക്കിലെ അമ്പൂരി പഞ്ചായത്തിൽ പുരവിമല കാരിക്കുഴിയിൽ പ്രവർത്തിക്കുന്ന എഫ്പിഎസ് 440ാം നമ്പർ ന്യായവില കടയിൽ നിന്നും റേഷൻ സാധനങ്ങൾ പുരവിമല, തന്മല, കണ്ണമാമൂട്, വള്ളക്കടവ്, കൊമ്പ, തേക്കുംമൂട് തുടങ്ങിയ ആദിവാസി സെറ്റിൽമെന്റുകളിൽ എത്തിക്കുന്നതിനായുള്ള വാഹനം പ്രതിമാസ വാടകയ്ക്ക് നൽകുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസുകൾ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 30ന് ഉച്ചയ്ക്ക് 2 മണി. വിലാസം: ജില്ലാ സപ്ലൈ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്, തിരുവനന്തപുരം695 043. അപേക്ഷയോടൊപ്പം വാഹനത്തിന്റെ വിവരങ്ങളും സമർപ്പിക്കണം. കരാറിന്റെ കാലാവധി മൂന്ന് വർഷമായിരിക്കും. ഫോൺ: 0471 -2731240



# സിദ്ധി ഹോംസിന്റെ 20ാമത് പദ്ധതിക്ക് തുടക്കം

**കൊച്ചി:** പ്രമുഖ ബിൽഡറായ സിദ്ധി ഹോംസിന്റെ 20ാമത് പദ്ധതിയായ സിദ്ധി മാൻഷൻ ബ്ലൂവിന്റെ നിർമാണത്തിന് തൃപ്പൂണിത്തുറ വടക്കേക്കോട്ട മെട്രോ സ്റ്റേഷന് സമീപം ഭൂമിപൂജയോടെ തുടക്കമായി. പത്മചന്ദ്രൻ, രാധാ രവീന്ദ്രൻ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി. മുപ്പതിലധികം പ്രീമിയം സൗകര്യങ്ങളുൾപ്പെടെ വിശാലമായ 2, 3 ബിഎച്ച്കെ ഓപ്ഷനുകളുള്ള അൾട്രാ ലക്ഷ്വറി ഭവന പദ്ധതിയാണ് സിദ്ധി മാൻഷൻ ബ്ലൂവെന്നും 2030 സെപ്റ്റംബറോടെ നിർമാണം പൂർത്തിയാക്കി ഉടമകൾക്ക് കൈമാറുമെന്നും സിദ്ധി ഹോംസ് ഡയറക്ടർ ഷൈലൻ എം. ആർ. പറഞ്ഞു. 2007ൽ പ്രവർത്തനമാരംഭിച്ച കമ്പനി ഇതുവരെ 17 പദ്ധതികൾ നിർമാണം പൂർത്തീകരിച്ച് ഉടമകൾക്കു കൈമാറി. തൃപ്പൂണിത്തുറ ഇരുമ്പനം സീ പോർട്ട് എയർപോർട്ട് റോഡിൽ 8 ലക്ഷ്വറി വില്ലകളുടെ പദ്ധതി, ലേക്ഷോർ ഹോസ്പിറ്റലിനു സമീപം 17 ലിമിറ്റഡ് എഡിഷൻ ലക്ഷ്വറി വില്ലകളുടെ പദ്ധതി, തൃപ്പൂണിത്തുറ കളിക്കോട്ട പാലസിനു സമീപം 23 യൂണിറ്റുകളുള്ള അപ്പാർട്ട്മെന്റ് പദ്ധതി എന്നിവയാണ് നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന മറ്റു പദ്ധതികൾ.

## അംബാനിയെ കടത്തിവെട്ടി അദാനി

# ഇന്ത്യയിലെയും ഏഷ്യയിലെയും ഏറ്റവും സമ്പന്നൻ

**മുംബൈ:** ഇന്ത്യയിലെയും ഏഷ്യയിലെയും ഏറ്റവും സമ്പന്നൻ എന്ന നേട്ടം ഇനി ഗൗതം അദാനിക്ക് സ്വന്തം. റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനിയെ കടത്തിവെട്ടിയാണ് അദാനി ഗ്രൂപ്പ് ചെയർമാന്റെ നേട്ടം. ഇതിനുമുൻപും അദാനി ആ നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും ഹിൻഡൻബർഗ്, യുഎസിലെ കൈക്കൂലിക്കേസ് തുടങ്ങിയ ആരോപണങ്ങൾക്ക് പിന്നാലെ അദാനി ഗ്രൂപ്പ് ഓഹരികളിലുണ്ടായ വിലത്തകർച്ച അദ്ദേഹത്തിന്റെ ആസ്തി കുറയാനും ഇടയാക്കിയിരുന്നു.

എന്നാൽ, ആരോപണങ്ങളിൽ നിന്നെല്ലാം അതിവേഗം കരകയറിയാണ് ഇപ്പോൾ അദ്ദേഹം വീണ്ടും ഏഷ്യയിലെ തന്നെ ഏറ്റവും സമ്പന്നൻ എന്ന 'പട്ടം' ചൂടിയത്. ബ്ലൂംബെർഗിന്റെ റിയൽടൈം ശതകോടീശ്വര പട്ടികപ്രകാരം ലോക റാങ്കിങ്ങിൽ 19ാം സ്ഥാനമാണ് ഗൗതം അദാനിക്ക്. മുകേഷ് അംബാനിക്ക് റാങ്ക് 20.

92.6 ബില്യൻ ഡോളറാണ് (ഏകദേശം 8.63 ലക്ഷം കോടി രൂപ) അദാനിയുടെ ആസ്തി. മുകേഷിന്റേത് 90.8 ബില്യൻ (8.46 ലക്ഷം കോടി രൂപ). 2026ൽ ഇതുവരെ അദാനിയുടെ ആസ്തിയിൽ 810 കോടി ഡോളറിന്റെ വർധനയുണ്ടായപ്പോൾ (75,500 കോടി രൂപ) മുകേഷ് നേരിട്ടത് 1690 കോടി ഡോളറിന്റെ (1.48 ലക്ഷം കോടി രൂപ) നഷ്ടമാണ്.

ഇന്ത്യൻ ഓഹരി വിപണി കഴിഞ്ഞ ദിവസം നഷ്ടമാണ് നേരിട്ടതെങ്കിലും അദാനി ഗ്രൂപ്പ് ഓഹരികൾ നേട്ടം കുറിച്ചിരുന്നു. സോളർ എനർജി കോർപറേഷൻ ഓഫ് ഇന്ത്യയിൽ (എസ്ഇസിഐ) ടെൻഡർ നേടാൻ കൈക്കൂലി കൊടുത്തെന്ന് അദാനി ഗ്രൂപ്പിനെതിരായ ഉയർന്ന ആരോപണം കോംപറ്റീഷൻ കമ്മിഷൻ ഓഫ് ഇന്ത്യ (സിസിഐ) തള്ളിയിട്ടുമുണ്ട്.

ഇത് ഇന്നും അദാനി ഗ്രൂപ്പ് ഓഹരികളെ തുണച്ചേക്കാം. പ്രഥമദൃഷ്ട്യാ തെളിവില്ലെന്ന് വ്യക്തമാക്കിയാണ് സിസിഐയുടെ നടപടി. അദാനി എന്റർപ്രൈസസ്, അദാനി ഗ്രീൻ എനർജി, ഗൗതം അദാനി, സാഗർ അദാനി, അസ്യൂർ പവർ ഇന്ത്യ, എസ്ഇസിഐ തുടങ്ങിയവർക്ക് എതിരെയായിരുന്നു ആരോപണം.

ലോകത്തെ ഏറ്റവും സമ്പന്നൻ എന്ന പട്ടം ടെസ്!ല, എക്സ്, സ്പേസ് എക്സ് എന്നിവയുടെ മേധാവി ഇലോൺ മസ്ക് എതിരാളികളേയില്ലാതെ കൈവശംവച്ചിരിക്കുന്നു. 656 ബില്യനാണ് മസ്കിന്റെ ആസ്തി (61.15 ലക്ഷം കോടി രൂപ). രണ്ടാം സ്ഥാനത്തുള്ള ഗൂഗിൾ സഹസ്ഥാപകൻ ലാറി പേജിന്റെ ആസ്തി 286 ബില്യൻ (26.67 ലക്ഷം കോടി രൂപ). ആമസോൺ സ്ഥാപകൻ ജെഫ് ബെസോസ് (269 ബില്യൻ), ഗൂഗിൾ സഹസ്ഥാപകൻ സെർജി ബ്രിൻ (266 ബില്യൻ), മെറ്റ മേധാവി മാർക്ക് സക്കർബർഗ് (239 ബില്യൻ) എന്നിവരാണ് ടോപ് 5ൽ ഇടംപിടിച്ച മറ്റുള്ളവർ.

# ഫ്യൂച്ചർറെഡി ഇന്ത്യ പദ്ധതി അവതരിപ്പിച്ച് റെനോ ഗ്രൂപ്പ്

**കൊച്ചി:** ഫ്യൂച്ചർറെഡി എന്ന പുതിയ കാഴ്ചപ്പാടോടെ 2030നകം ഇന്ത്യയിൽ ഏഴ് മോഡലുകളുള്ള പോർട്ട്ഫോളിയോ അവതരിപ്പിക്കുമെന്ന് റെനോ ഗ്രൂപ്പ് സിഇഒ ഫ്രാങ്കോയിസ് പ്രൊവോസ്റ്റ് പറഞ്ഞു. ഒരാഴ്ചത്തെ ഔദ്യോഗിക ഇന്ത്യൻ സന്ദർശനം പൂർത്തിയാക്കി മടങ്ങവെയാണ് പ്രഖ്യാപനം. നിലവിൽ റെനോയുടെ വിപണികളിൽ ആകെ വളർച്ചാ സാധ്യതയുടെ മൂന്നിലൊന്നും ഇന്ത്യയിലാണ്. ഇന്ത്യയെ സാങ്കേതിക മികവിന്റെ കേന്ദ്രമായും ഒരു പ്രധാന കയറ്റുമതി കേന്ദ്രമായും മാറ്റാൻ ഒരുങ്ങുകയാണ്. 'ഫ്യൂച്ചർറെഡി'യിലൂടെ ആഗോള വളർച്ചയുടെ പുതിയ തലത്തിലേക്ക് റെനോ കടക്കുമ്പോൾ അതിന്റെ ഹൃദയഭാഗത്ത് ഇന്ത്യ ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. 2030ഓടെ വാഹനങ്ങൾ, ആർ&ഡി, ഘടകങ്ങൾ എന്നിവ ഉൾപ്പെടുത്തി പ്രതിവർഷം രണ്ട് ബില്യൺ യൂറോയുടെ കയറ്റുമതി വരുമാനം നേടാനാണ് ഗ്രൂപ്പ് ലക്ഷ്യമിടുന്നത്. 2030ഓടെ ഇന്ത്യയിൽ കോംപാക്റ്റ് കാറുകളിൽ നിന്ന് വലിയ എസ്‌യുവികൾ വരെ ഉൾപ്പെടുന്ന ഏഴ് മോഡലുകളുള്ള പോർട്ട്ഫോളിയോ അവതരിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. സ്ട്രോങ്ങ് ഹൈബ്രിഡ് മുതൽ പൂർണ്ണമായും വൈദ്യുതിയിൽ ഓടുന്ന ഇലക്ട്രിക് വാഹനങ്ങൾ വരെ റെനോ ഇന്ത്യയിൽ അവതരിപ്പിക്കും. 2026 ജനുവരിയിൽ പുറത്തിറക്കിയ പുതിയ 'റെനോ ഡസ്റ്റർ' ഇതിനോടകം ഇന്ത്യൻ ഉപഭോക്താക്കൾക്കിടയിൽ വലിയ തരംഗം സൃഷ്ടിച്ചിട്ടുണ്ട്. ഇതിന് പിന്നാലെ ഫ്യൂച്ചർറെഡി പദ്ധതിയുടെ ഭാഗമായി 'ബ്രിഡ്ജർ കൺസെപ്റ്റ്' എന്ന പുതിയ മോഡലും കമ്പനി അവതരിപ്പിച്ചു. ബിസെഗ്മെന്റിൽ ഉൾപ്പെടുന്ന ഈ കോംപാക്ട് എസ്‌യുവി, ഇലക്ട്രിക് പതിപ്പ് ഉൾപ്പെടെ വിവിധ ഇന്ധനങ്ങളിൽ പ്രവർത്തിക്കുന്ന ഒരു 'മൾട്ടിഎനർജി' വാഹനമായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

## എച്ച്എംഡി ബ്രാൻഡ് അംബാസഡറായി രാഘവ് ജുയൽ



**കൊച്ചി:** ആഗോള സ്മാർട്ട്ഫോൺ നിർമാതാക്കളായ എച്ച്എംഡി (ഹ്യൂമൻ മൊബൈൽ ഡിവൈസസ്) തങ്ങളുടെ പുതിയ ബ്രാൻഡ് അംബാസഡറായി നടനും കലാകാരനുമായ രാഘവ് ജുയലിനെ പ്രഖ്യാപിച്ചു. സിനിമകളിലൂടെയും ഒടിടി പ്ലാറ്റ്ഫോമുകളിലൂടെയും യുവാക്കൾക്കിടയിൽ വൻ സ്വാധീനമുള്ള രാഘവ് ജുയലിന്റെ വരവോടെ ഇന്ത്യയിലെ സ്മാർട്ട്ഫോൺ വിപണിയിൽ വലിയൊരു മാറ്റത്തിനാണ് കമ്പനി ലക്ഷ്യമിടുന്നത്. റിയാലിറ്റി ഷോകളിലൂടെ തുടങ്ങി ബോളിവുഡ് സിനിമകളിലും ഒടിടി പ്ലാറ്റ്ഫോമുകളിലും തൻറേതായ വ്യക്തിമുദ്ര പതിപ്പിച്ച രാഘവ് ജുയൽ, ജെൻ സീ, മില്ലേനിയൽ വിഭാഗങ്ങളുടെ പ്രിയതാരമാണ്.

## ഐസിഐസിഐ ജിപിപി ഫ്ളെക്സിയ്ക്ക് പ്രാധന്യമുണ്ടെന്ന് വികാസ് ഗുപ്ത

**കോഴിക്കോട്:** ഇന്ത്യക്കാരുടെ ശരാശരി ആയുർദൈർഘ്യം 1990ലെ 58.6 വയസിൽ നിന്ന് 2023ൽ 72 വയസായി ഉയർന്നുവെന്നാണ് യുഎൻഡിപിയുടെ 2025ലെ ഹ്യൂമൻ ഡെവലപ്മെന്റ് റിപ്പോർട്ടുകൾ പറയുന്നത്. 2036ഓടെ ഇന്ത്യയിലെ ഏഴ് പേരിൽ ഒരാൾ വീതം 60 വയസോ അതിൽ കൂടുതലോ പ്രായമുള്ളവരായിരിക്കുമെന്ന് സർക്കാർ കണക്കുകളും സൂചിപ്പിക്കുന്നു. വർധിച്ചുവരുന്ന ആയുർദൈർഘ്യം ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ച് ഓരോ വ്യക്തിയും ബോധവാൻമാരായിരിക്കണമെന്ന സൂചനയാണ് ഇത് നൽകുന്നതെന്നും, ഈ സാഹചര്യത്തിൽ ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ്, ഐസിഐസിഐ പ്രു ഗ്യാരണ്ടീഡ് പെൻഷൻ പ്ലാൻ ഫ്ളെക്സി എന്ന പേരിൽ രൂപകൽപന ചെയ്ത പ്ലാനിന് ഏറെ പ്രസക്തിയുണ്ടെന്നും ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ ചീഫ് പ്രൊഡക്റ്റ് ഓഫീസർ വികാസ് ഗുപ്ത പറയുന്നു. ആയുർദൈർഘ്യം കൂടുമ്പോൾ, വിരമിച്ച ശേഷമുള്ള ജീവിതകാലത്ത് വ്യക്തികൾക്ക് ജീവിതച്ചെലവുകളിലും കുതിച്ചുയരുന്ന മെഡിക്കൽ പണപ്പെരുപ്പത്തിലും വലിയ വർധനവ് നേരിടേണ്ടി വരും. ഈ വെല്ലുവിളി മനസ്സിലാക്കിക്കൊണ്ടും റിട്ടയർമെന്റ് പ്ലാനിങ് ലളിതമാക്കുന്നതിനുമായാണ് ഐസിഐസിഐ പ്രു ഗ്യാരണ്ടീഡ് പെൻഷൻ പ്ലാൻ ഫ്ളെക്സി അവതരിപ്പിച്ചത്. ഇത് ഉപഭോക്താക്കളെ അവരുടെ വിരമിക്കൽ ജീവിതം ഫലപ്രദമായി ആസൂത്രണം ചെയ്യാൻ പ്രാപ്തരാക്കും. ഉപഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഇത് 7 ഫ്ളെക്സിബിൾ ഓപ്ഷനുകളാണ് ഇത് വാഗ്ദാനം ചെയ്യുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY




# കൊച്ചിയിൽ പുതിയ ഓഫീസ് തുറന്ന് ഫ്രാങ്ക്ലിൻ ടെംപ്ൾടൺ

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ വിദേശ ഫണ്ട് ഹൗസുകളിലൊന്നായ ഫ്രാങ്ക്ലിൻ ടെംപ്ൾടൺ (ഇന്ത്യ) കൊച്ചി പള്ളിമുക്കിലെ ചർച്ച് ലാൻഡിംഗ് റോഡിൽ പുതിയ ഓഫീസ് തുറന്നു. ഫ്രാങ്ക്ലിൻ ടെംപ്ൾടൺ (ഇന്ത്യ) പ്രസിഡന്റ് അവിനാശ് സത്വലേക്കർ ഉദ്ഘാടനം ചെയ്തു. ഈ മേഖലയിൽ നിന്നുള്ള വർധിത ഡിമാൻഡ് കണക്കിലെടുത്താണ് പുതിയ ഓഫീസ് തുറന്നതെന്ന് അവിനാശ് സത്വലേക്കർ പറഞ്ഞു. മ്യൂച്വൽ ഫണ്ടുകൾക്ക് സംസ്ഥാനത്ത് വലിയ വളർച്ചയാണ് കമ്പനി കാണുന്നത്. ഇതു കണക്കിലെടുത്ത് സംസ്ഥാനത്തെ സേവനശൃംഖല വിപുലീകരിക്കാനും പരിപാടിയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ആഗോളതലത്തിൽ 78 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള കമ്പനിയിൽ 1600ലേറെ നിക്ഷേപ വിദഗ്ധർ ജോലി ചെയ്യുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 155 ലക്ഷം കോടി രൂപ മതിക്കുന്ന ആസ്തികളാണ് ലോകമെമ്പാടുമായി കമ്പനി മാനേജ് ചെയ്യുന്നത്. ഇന്ത്യയിൽ 30 വർഷമായി പ്രവർത്തിക്കുന്ന കമ്പനി ഇവിടെ 37 മ്യൂച്വൽ ഫണ്ടുകളിലായി 1.18 ലക്ഷം കോടി മതിക്കുന്ന ആസ്തികൾ മാനേജ് ചെയ്യുന്നുണ്ട്. ഫ്രാങ്ക്ലിൻ ഇന്ത്യ ലാർജ് ക്യാപ് ഫണ്ട്, ഫ്രാങ്ക്ലിൻ ഇന്ത്യ മിഡ് ക്യാപ് ഫണ്ട്, ഫ്രാങ്ക്ലിൻ ഇന്ത്യ ഫ്ളെക്സി ക്യാപ് ഫണ്ട് എന്നിവയ്ക്ക് 30 വർഷത്തെ പ്രവർത്തന ചരിത്രമുണ്ട്. മറ്റ് 19 ഫണ്ടുകൾ 20 വർഷവും പിന്നിട്ടിട്ടുണ്ട്. ഇന്ത്യയിലെ മ്യൂചൽ ഫണ്ട് മേഖല കൈകാര്യം ചെയ്യുന്ന ആസ്തികൾ ഒരു ദശകത്തിനിടെ 6 മടങ്ങായി വർധിച്ച് 73.73 ട്രില്യണായെന്ന് സത്വലേക്കർ ചൂണ്ടിക്കാട്ടി. വാർഷിക വളർച്ചാ നിരക്ക് 20%. കേരളത്തിലെ മ്യൂചൽ ഫണ്ട് മേഖല മൊത്തത്തിൽ 1 ലക്ഷം കോടി രൂപ മാനേജ് ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# 1,910 കോടി രൂപ അറ്റാദായം നേടി എച്ച്ഡിഎഫ്സി ലൈഫ്; 6% വർധന

**കൊച്ചി:** 2025-26 സാമ്പത്തിക വർഷത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച് മുൻനിര ഇൻഷുറൻസ് കമ്പനിയായ എച്ച്ഡിഎഫ്സി ലൈഫ്. ഈ കാലയളവിൽ കമ്പനിയുടെ അറ്റാദായം 6 ശതമാനം വർധിച്ച് 1,910 കോടി രൂപയിലെത്തി. പുതിയ ബിസിനസിൽ നിന്നുള്ള ആകെ നേട്ടം 24.2 ശതമാനം പ്രോഫിറ്റ് മാർജിനോടെ 4,034 കോടി രൂപയായി ഉയർന്നു. ജിഎസ്ടി, സറണ്ടർ നിയമ പരിഷ്കാരം എന്നിവയുടെ ആഘാതം ഇല്ലായിരുന്നെങ്കിൽ പ്രോഫിറ്റ് മാർജിൻ 25.5 ശതമാനത്തിൽ എത്തുമായിരുന്നുവെന്ന് കമ്പനി അറിയിച്ചു. മൊത്തം വിപണി വിഹിതത്തിന്റെ 11 ശതമാനം കമ്പനി നിലനിർത്തി. ഉപകമ്പനിയായ എച്ച്ഡിഎഫ്സി പെൻഷൻ ഫണ്ട് മാനേജ്മെന്റ് ഉൾപ്പെടെ കമ്പനി കൈകാര്യം ചെയ്യുന്ന മൊത്തം ആസ്തി (AUM) 5.3 ലക്ഷം കോടി രൂപയായി. കരുത്തുറ്റ സാമ്പത്തിക നില ഉറപ്പാക്കി കമ്പനിയുടെ സോൾവൻസി റേഷ്യോ 177 ശതമാനത്തിലെത്തി. സാമ്പത്തിക ഭദ്രത കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മാതൃകമ്പനിയായ എച്ച്ഡിഎഫ്സി ബാങ്കിൽ നിന്ന് പ്രിഫറൻഷ്യൽ ഇഷ്യൂ വഴി 1,000 കോടി രൂപ വരെ സമാഹരിക്കാൻ ഡയറക്ടർ ബോർഡ് അനുമതി നൽകിയതായും കമ്പനി അറിയിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷവും വ്യക്തിഗത വിഭാഗത്തിലെ പ്രീമിയം വരുമാനത്തിൽ (Individual WRP) രാജ്യത്തെ മുൻനിരയിലുള്ള മൂന്ന് സ്വകാര്യ ഇൻഷുറൻസ് കമ്പനികളിലൊന്നായി സ്ഥാനം നിലനിർത്താൻ കമ്പനിക്ക് സാധിച്ചെന്ന് എച്ച്ഡിഎഫ്സി ലൈഫ് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ വിഭ പദാൽക്കർ പറഞ്ഞു.




# 'ആനിക'യുമായി മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സ്

**കൊച്ചി:** മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സ് പ്രകൃതിദത്ത വജ്രാഭരണങ്ങളുടെ അമൂല്യ ശേഖരമായ 'ആനിക' കളക്ഷൻ പുറത്തിറക്കി. അക്ഷയതൃതീയയോടനുബന്ധിച്ച് മുംബൈയിൽ നടി കരീന കപൂർ ഖാനാണ് ആനിക കളക്ഷൻ പുറത്തിറക്കിയത്. ക്ഷേത്രവാസ്തുവിദ്യ, പവിത്രരൂപങ്ങൾ, സങ്കീർണ്ണമായ കൊത്തുപണികൾ എന്നിവയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ആനിക രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി അഹമ്മദ് പറഞ്ഞു.ക്ഷേത്രരൂപങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട നെക്ലസുകൾ, കൊത്തുപണികൾ പ്രതിഫലിപ്പിക്കുന്ന വളകൾ, കമ്മലുകൾ, പാരമ്പര്യത്തിന്റെ സ്പർശമുള്ള കടക വളകൾ എന്നിവ ആനികയുടെ പ്രത്യേകതയാണ്. പാരമ്പര്യത്തെയും ആധുനികതയെയും ഒരുപോലെ ഇഷ്ടപ്പെടുന്നവർക്കായി രൂപപ്പെടുത്തിയതാണെന്നും അദ്ദേഹം പറഞ്ഞു.അന്താരാഷ്ട്ര തലത്തിൽ സാക്ഷ്യപ്പെടുത്തിയ വജ്രങ്ങളാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സിന്റെ എല്ലാ ഷോറൂമുകളിലും ആനിക ആഭരണ ശേഖരം ലഭ്യമാണ്. ആജീവനാന്ത മെയിന്റനൻസ്, സ്വർണ്ണത്തിന് 100 ശതമാനം എക്സ്ചേഞ്ച് മൂല്യം, ബൈബാക്ക് പോളിസി തുടങ്ങിയവയും ഉപഭോക്താക്കൾക്കായി നൽകുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com